# കൈനൂർ
# ജനകീയസമരത്തിന്റെ വിജയകഥ

**കൈനൂർ സമരനേതാവ് സി. ശിവദാസൻ കേരളീയത്തോട് സമരാനുഭവങ്ങൾ പങ്കുവെയ്ക്കുന്നു.**

അവശേഷിച്ച പന്നികളും ഫെബ്രുവരി ഏഴിനു മാറ്റപ്പെട്ടതോടെ പന്നിവളർത്തൽ കേന്ദ്രം സൃഷ്ടിച്ച ദുസ്സഹമായ മലിനീകരണത്തിൽ നിന്നും തൃശൂർ ജില്ലയിലെ കൈനൂർ ഗ്രാമം നാലു വർഷമായി നീണ്ടുനിൽക്കുന്ന സമരത്തിന്റെ ഫലമായി മോചനം നേടിയിരിക്കുകയാണ്. വിജയത്തിലെത്തിയ ഒരു ജനകീയ സമരമെന്നനിലയിൽ കൈനൂർ സമരം ഇച്ഛാശക്തിയുടെ നിരവധി പാഠങ്ങൾ സമൂഹത്തിന് നൽകുകയും മറ്റ് ജനകീയ സമരങ്ങൾക്ക് ഒരു ഊർജ്ജമായി മാറുകയും ചെയ്യുന്നു. ദാരിദ്ര്യം നിറഞ്ഞ ജീവിതസാഹചര്യങ്ങളുടെ വിഷമതകളെ അതിജീവിച്ചുകൊണ്ടാണ് സ്വസ്ഥമായ ജീവിതത്തിനുവേണ്ടി ഒത്തൊരുമ നില നിർത്തിക്കൊണ്ട് കൂലിപ്പണി പോലുമുപേക്ഷിച്ച് കൈനൂരിലെ പാവപ്പെട്ട ജനങ്ങൾ നാലുവർഷക്കാലം സമരമുഖത്ത് അണിനിരന്നത്. മേധാപട്കർ മുതൽ ഗാന്ധിയൻ സംഘടനകളുടെയും സുകുമാർ അഴീക്കോടിന്റെയുമെല്ലാം പിന്തുണ സമരത്തിന് ലഭിച്ചെങ്കിലും കൈനൂരിലെ ജനങ്ങളുടെ തളരാത്ത സമരാവേശവും അതിനു ഉറച്ച പിന്തുണ നൽകിയ വനിത സംഘടങ്ങളുമാണ് സമരം വിജയത്തിലെത്തിച്ചതിനുപിന്നിലെ പ്രധാന ശക്തികൾ. സി. ശിവദാസനെപ്പോലെയുള്ളവർ നിത്യവൃത്തിയ്ക്കുള്ള മാർഗ്ഗങ്ങൾ ഉഴിഞ്ഞുവച്ച് പൂർണ്ണസമയം സമരത്തിൽ ഉറച്ചുനിന്ന് കൈനൂർ സമരത്തിന് വലിയ പ്രചോദനമായിരുന്നു. ഗാന്ധിസവും സാംസ്കാരിക പാണ്ഡിത്യവുമൊന്നുമില്ലെങ്കിലും നിരവധി രാഷ്ട്രീയ പ്രസ്ഥാനങ്ങളിലൂടെ കടന്നുവരുകയും അവരെയെല്ലാം മുഖം നോക്കാതെ വിമർശിക്കുകയും ചെയ്യുന്ന ശിവദാസേട്ടനെ പോലെയുള്ളവരുടെ സ്വാർത്ഥ താത്പര്യങ്ങളില്ലാത്ത പിന്തുണയാണ് എല്ലാ ജനകീയ സമരങ്ങളുടെയും കരുത്ത്. വലിയ ജനകീയ സമരം നടന്നിട്ടും ജനങ്ങളുടെ അനുമതി കൂടാതെയാണ് പന്നിവളർത്തിയിരുന്ന ഫാം ബി.എസ്.എഫിന് നൽകാൻ തീരുമാനിച്ചതെന്ന ആക്ഷേപം നിലനിൽക്കുന്നുണ്ടെങ്കിലും നാളുകളായി ത്തുടരുന്ന മലിനീകരണത്തിൽനിന്നും കൈനൂർ മുക്തിപ്രാപിച്ചിരിക്കുന്നു. കൈനൂർ സമരനേതാവ് സി. ശിവദാസൻ കേരളീയത്തോട് സമരാനുഭവങ്ങൾ പങ്കുവെയ്ക്കുന്നു.

2003 ഡിസംബറിൽ ആരംഭിച്ച സമരമാണ് ഇപ്പോൾ വിജയത്തിലെത്തിയിരിക്കുന്നത്. മലിനീകരണ മോചന ഗ്രാമകമ്മിറ്റി സമരത്തിന് സന്നദ്ധരായ ആളുകളുടെ നേതൃത്വത്തിൽ രൂപീകരിച്ചാണ് സമരം തുടങ്ങിയത്. വനിതാ സ്വയംസഹായ സംഘങ്ങളുടെ പിന്തുണയായിരുന്നു ആദ്യം സമരത്തിനുണ്ടായിരുന്നത്. നിവേദനങ്ങൾ, ധർണ്ണ, ബഹുജനമാർച്ച് എന്നീ സമരപരിപാടികളുമായി ഞങ്ങൾ മുന്നോട്ട് പോയി. അതിന്റെ ഫലമായി കേരള കന്നുകാലി വികസനബോർഡ് ഒരു മാസത്തിനുള്ളിൽ പന്നിവളർത്തൽ കേന്ദ്രം കാരണമുണ്ടാകുന്ന മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കാമെന്ന് ഉറപ്പ് നൽകി. മാസങ്ങൾ കഴിഞ്ഞിട്ടും അത് പാലിക്കപ്പെടാതെ പോയതോടെയാണ് സമരം ശക്തമായത്. തുടർന്ന് ഗാന്ധിയൻ സംഘടനകളുടെ സേവനം സമരത്തിന് ലഭിക്കുന്നു. തൃശൂർ തഹസിൽദാറുടെയും ജില്ലാ മെഡിക്കൽ ഓഫീസറുടെയും റിപ്പോർട്ട് പ്രകാരം ആർ.ഡി.ഒ. പന്നി പ്രജനന കേന്ദ്രം അടച്ചുപൂട്ടുന്നതിനായി 2004 ഡിസംബറിൽ ഉത്തരവിടുന്നു.



കന്നുകാലി വികസന ബോർഡ് അതിനെതിരെ അപ്പീലിന് പോകുന്നു. ജില്ലാ മെഡിക്കൽ ഓഫീസിലെ ഡോക്ടർമാർ പങ്കെടുത്ത ജനകീയ മെഡിക്കൽ ക്യാമ്പിൽ 467 പേർ രോഗബാധിതരാണെന്ന് കണ്ടെത്തിയതോടെ ആർ.ഡി.ഒ. ഉത്തരവ് നടപ്പാക്കണമെന്നാവശ്യപ്പെട്ട് പന്നി പ്രജനന കേന്ദ്രത്തിനുമുന്നിൽ 20 പേരുള്ള സംഘം 150 ദിവസം നീണ്ടുനിന്ന നിരാഹാര സത്യാഗ്രഹം നടത്തി. തുടർന്ന് ലഭിച്ച വലിയ ജനകീയ പിന്തുണയും വിവിധ വ്യക്തികളുടെയും സംഘടനകളുടെയും ഐക്യദാർഢ്യവും പന്നി പ്രജനനകേന്ദ്രം പൂട്ടുന്നതിലേക്ക് കാര്യങ്ങൾ എത്തിച്ചെങ്കിലും രാഷ്ട്രീയക്കാരുടെയും മാറിവന്ന സർക്കാരുകളുടെയും ഉറച്ച നിലപാടുകളില്ലായ്മ കാരണം ശ്രമങ്ങൾ നടക്കാതെ പോവുകയാണുണ്ടായത്. സമരപ്രവർത്തകർ തളരാതെ തുടർച്ചയായി നിവേദനങ്ങളിലൂടെയും നേരിട്ടും രാഷ്ട്രീയ പ്രവർത്തകരോടും ജനപ്രതിനിധികളോടും പ്രജനന കേന്ദ്രം അടച്ചുപൂട്ടണമെന്ന് ആവശ്യപ്പെട്ടു. ഭരണംമാറിയശേഷം ഇടതുസർക്കാർ അധികാരത്തിൽ വന്നപ്പോൾ അടച്ചുപൂട്ടാനായി ഉത്തരവ് പുറപ്പെടുവിച്ചു. പക്ഷെ ഹൈക്കോടതിയിൽ കേസുള്ളതിനാൽ നടപടികളെടുക്കാൻ കഴിയില്ലെന്നു പറഞ്ഞ് പന്നി പ്രജനനകേന്ദ്രം സർക്കാർ ഉത്തരവ് ലംഘിച്ചും അടയ്ക്കാതെ തുടർന്നു. സമരം വീണ്ടും ശക്തമായതിനെ തുടർന്ന് സുകുമാർ അഴീക്കോട് ഇടപെട്ട് മുഴുവൻ പന്നികളെയും കൈനൂരിൽ നിന്നും മാറ്റാൻ സർക്കാരുമായി ധാരണയാവുകയും പന്നി പ്രജനന കേന്ദ്രം ഈ മാസം പൂർണ്ണമായും അടച്ചുപൂട്ടുകയും ചെയ്തു.

വനിത സംഘടനകളുടെ പ്രവർത്തനമാണ് സമരത്തിൽ എടുത്ത് പറയേണ്ടുന്ന

ഒന്ന്. മന്ത്രിസഭ മാറി ഇടതുഭരണം വരുന്നതുവരെ ഇടതുപക്ഷം ഭരിച്ചിരുന്ന പഞ്ചായത്തും സമരത്തിൽ സജീവമായുണ്ടായിരുന്നു. എന്നാൽ ഭരണം കൈവന്നതോടെ മാർക്സിസ്റ്റുകാർ സമരത്തിൽനിന്നും പിന്മാറി. അവർ തുടർച്ചയായി സമരത്തെ തളർത്താനുള്ള ശ്രമങ്ങൾ നടത്തി. പലപ്പോഴും മാർക്സിസ്റ്റ് ഗുണ്ടകളുടെ അക്രമം എനിക്ക് നേരിടേണ്ടി വന്നിട്ടുണ്ട്. സമരം വിജയിച്ചെങ്കിലും ഇപ്പോഴും അവർ എന്നോട് ശത്രുതാപരമായ നിലപാടാണ് തുടരുന്നത്.

സാമ്പത്തികമായും കുടംബപരമായും നിരവധി നഷ്ടങ്ങൾ എനിക്ക് സമരത്തിന്റെ ഭാഗമായി സഹിക്കേണ്ടിവന്നു. വീടുകൾ പണിയുമ്പോൾ അതിലെ ഗാർഡനിംഗിന്റെ പണിയായിരുന്നു ഞാൻ ചെയ്തിരുന്നത്. കോഴിക്കോടും കണ്ണൂരുമൊക്കെ ഞാൻ പണിയ്ക്ക് മറ്റ് ജോലിക്കാരോടൊപ്പം പോയിരുന്നു. എന്നാൽ സമരത്തിന്റെ ഭാഗമായി അതെല്ലാം മുടങ്ങി. ദാരിദ്ര്യംകൂടി വന്നതോടെ ഭാര്യയും മകനും പിണങ്ങി പോയി. ഇപ്പോഴും അവർ അവരുടെ വീട്ടിലാണ് കഴിയുന്നത്.

സമരത്തിനിടയിൽ പലപ്പോഴും അക്രമമാർഗ്ഗങ്ങളിലേക്ക് പോകാൻ രാഷ്ട്രീയ കക്ഷികൾ ഞങ്ങളെ പ്രലോഭിപ്പിച്ചിരുന്നു. അതുവഴി സമരത്തെ പൊളിക്കാനായിരുന്നു അവരുടെ ലക്ഷ്യം. എന്നാൽ ഞങ്ങൾ സമാധാന മാർഗ്ഗത്തിൽ ഉറച്ചുനിന്നു. വനിത സംഘങ്ങളുടെ പ്രധാന പ്രവർത്തകരായ അനിത ടീച്ചറുടേയും നളിനി ബാബുവിന്റേയും അമ്മിണി ചാത്തുവിന്റെയുമൊക്കെ സേവനം അതിന് ഞങ്ങൾക്ക് പ്രചോദനമായി. ഇപ്പോഴും ഞങ്ങളുടെ പേരിലുള്ള കേസുകൾ പിൻവലിച്ചിട്ടില്ല. വാഹനം തടഞ്ഞതിനും ധർണ്ണ നടത്തിയതിനുമൊക്കെ നിരവധി പേർ കേസിൽ പെട്ടിട്ടുണ്ട്. ഇതിൽ ഭൂരിഭാഗം ആളുകളും സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന പട്ടികജാതിക്കാരും സ്ത്രീകളുമാണ്. കേസുകൾ നിലനിൽക്കുന്നതിനാൽ കോടതി കയറിയിറങ്ങി ഇപ്പോഴും ഇവർക്ക് നിരവധി ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുന്നുണ്ട്.

സമരത്തിന്റെ തുടക്കകാലത്ത് എല്ലാവർക്കും വലിയ ആവേശമായിരുന്നു. സി.പി.എം. ഒഴികെ എല്ലാ രാഷ്ട്രീയ പാർട്ടികളും ഞങ്ങളോടൊപ്പമുണ്ടായിരുന്നു. സമരപന്തൽ കെട്ടാനെല്ലാം നാട്ടിലെ ചെറുപ്പക്കാർ വലിയ ആവേശത്തിൽ കൂടെനിന്നു. എന്നാൽ പിന്നീട് പതിയെപതിയെ പന്തലിൽ ആളുകൾ കുറഞ്ഞുവന്നു. ചാനലുകൾ വരുമ്പോൾ മാത്രം പന്തൽ നിറഞ്ഞ് ആളുകളുണ്ടാകും. അല്ലാത്തപ്പോഴെല്ലാം സ്ത്രീകൾ മാത്രമുണ്ടായിരുന്ന അവസ്ഥയാണുണ്ടായിരുന്നത്. സമരത്തിന് ആവശ്യമായി വന്ന പണ ചെലവുകൾ മുഴുവൻ വഹിച്ചത് പുത്തൂർ നിവാസികൾ തന്നെയായിരുന്നു. ചില സന്നദ്ധ സംഘടനകളുടെ കൈയിൽ നിന്ന് സാമ്പത്തിക സഹായമുണ്ടായി.

സമരം നീണ്ടുപോകുമെന്നുറപ്പുണ്ടായിരുന്നിട്ടും പ്രശ്നബാധിതരും സന്നദ്ധ പ്രവർത്തകരും ഒരുപോലെ ഉറച്ചുനിന്നതിനാൽ അവസാനഘട്ടം വരെ സമരം ആവേശപൂർവ്വം തുടരാൻ സാധിച്ചു. പന്നി വളർത്തൽ കേന്ദ്രം പൂട്ടണമെന്ന ആവശ്യം സർക്കാർ പലതവണ മുന്നോട്ടുവച്ചെങ്കിലും ഉദ്യോഗസ്ഥരുടെ പിടിപ്പുകേടാണ് അതിന് തടസ്സം നിന്നതെന്ന് അവർ പറയുന്നു. ആ ന്യായം ശരിയല്ലെന്നാണ് എന്റെ വിശ്വാസം. മന്ത്രിമാരുടെ കൈ ശുദ്ധമായിരുന്നാലേ ഉദ്യോഗസ്ഥരെ നിയന്ത്രിക്കാൻ കഴിയുകയുള്ളൂ.

കൈനൂർ സമരം വിജയിച്ചതിന്റെ ആഘോഷപരിപാടികളിൽ നിന്നും സി.പി.എം. വിട്ടുനിന്നത് അവരുടെ തന്ത്രപരമായ നിലപാടാണ്. പ്രാദേശികമായ ഇത്തരമൊരു രാഷ്ട്രീയ കൂട്ടായ്മ ഇനിയൊരിക്കലും ഉണ്ടാകാതിരിക്കാൻ അവർ ആഗ്രഹിക്കുന്നു. അത് അവരുടെ പാർട്ടിക്ക് ക്ഷീണമാണ്.

സമരം മൂർച്ഛിച്ചപ്പോൾ അഴീക്കോട് നിരാഹാരം കിടക്കുമെന്ന് തീരുമാനമെടുത്ത സമയത്ത് അദ്ദേഹത്തിന്റെ ജീവൻ രക്ഷിക്കണമെന്നാവശ്യപ്പെട്ട് പോസ്റ്ററുകളിറങ്ങി. എന്നാൽ എനിക്കതിനോട് എതിർപ്പുണ്ടായിരുന്നു. അഴീക്കോടിന്റെ ജീവൻ രക്ഷിക്കുകയല്ല പന്നിവളർത്തൽ കേന്ദ്രം പൂട്ടുകയാണ് ലക്ഷ്യമെന്നായിരുന്നു എന്റെ വിശ്വാസം. എന്നാൽ സമരത്തിന്റെ വിജയത്തിൽ അഴീക്കോടിനും അദ്ദേഹത്തിന്റേതായ പങ്കുണ്ട്.

സമരത്തെത്തുടർന്ന് സാമൂഹികമായൊരുൾക്കാഴ്ച കൈനൂർ നിവാസികൾക്ക് കൈവന്നിട്ടുണ്ട്. ജനകീയ പ്രശ്നങ്ങളുണ്ടാവുകയാണെങ്കിൽ കൂട്ടത്തോടെ അതിനെതിരെ പ്രതികരിക്കാൻ ഞങ്ങൾ ഇപ്പോൾ തയ്യാറാണ്. കൂട്ടായ ഇത്തരം സമരങ്ങളിലൂടെ നമുക്ക് ജനാധിപത്യത്തെ തിരുത്താൻ കഴിയുമെന്ന് കൈനൂർ തെളിയിക്കുന്നു. നിലനിൽക്കുന്ന നിയമവ്യവസ്ഥകളുടെ അപര്യാപ്തതകളേയും ഈ വിധം തിരുത്താൻ കഴിയണം. പഞ്ചായത്ത്‌രാജ് സംവിധാനം ശക്തിപ്പെടുത്തി ജനകീയ അടിത്തറ നിർമ്മിച്ചുകൊണ്ടുവേണം ഈവിധം മുന്നേറാൻ.

# പൾസ് പോളിയോ എന്ന ബയോടെററിസം!

മനുഷ്യ ശരീരത്തിനകത്തെ മിത്രസൂക്ഷ്മജീവികളും പുറമെനിന്ന് ശരീരത്തിൽ പ്രവേശിക്കുന്നവയും കൂട്ടായ പ്രവർത്തനഫലമായിട്ടുണ്ടാകുന്ന പനിയും, അനുബന്ധ വൈഷമ്യങ്ങളും രോഗപ്രതിരോധത്തിനുള്ള പ്രകൃതിദത്തമായ പ്രതിരോധ പ്രവർത്തനമാണ്. പോളിയോ തുള്ളി മുതൽ എല്ലാ പ്രതിരോധ മരുന്നുകളും അപകടകാരികളാണ്. ഇംഗ്ലീഷ് മരുന്നുകളും, പോഷകതകരാറുകളുമാണ് രോഗങ്ങളെല്ലാം ഉണ്ടാക്കുന്നത്.

പാരമ്പര്യ-നാട്ടുവൈദ്യങ്ങളിലെ Evidence Based Medicine എന്ന ആശയത്തിന് വികസിത രാജ്യങ്ങളിൽ പ്രചാരമേറിവരുന്ന ഈ കാലഘട്ടത്തിലാണ് നാട്ടുവൈദ്യങ്ങളുടെ തറവാടായ നമ്മുടെ നാട്ടിൽ വാക്സിനേഷൻ പ്രോഗ്രാം എന്ന ഈ കോമാളിത്തം അരങ്ങേറുന്നത്. ന്യൂട്രീഷണൽ ഫുഡിനും ഹെൽത്ത് ഫുഡ് സ്റ്റോറുകൾക്കും സർക്കാർ തലത്തിൽ തന്നെ പ്രചരണങ്ങളും പ്രോത്സാഹനവും നൽകുകയാണ് അമേരിക്ക അടക്കമുള്ള പാശ്ചാത്യരാജ്യങ്ങളിൽ. ലോകത്തിൽ ഇന്ന് ഏറ്റവും വളർച്ച കാണിക്കുന്നത് ഈ ഓർഗാനിക് ഫുഡ് വ്യവസായത്തിനാണെന്നത് ശ്രദ്ധേയമാണ്.

ഇതിനെതിരെ നമുക്ക് ഉണർന്നു പ്രവർത്തിക്കാം. വേണ്ടത്ര ബുദ്ധിയും ശക്തിയുമായി വളർന്നുവരുന്ന പാശ്ചാത്യേതര തലമുറക്കു മുന്നിൽ മയക്കുമരുന്നുകൾക്കടിമകളായി ദിശാബോധം നഷ്ടപ്പെട്ട അമേരിക്കയിലെയും യൂറോപ്പിലേയും വീരന്മാർ മുട്ടുകുത്തേണ്ടി വരുമെന്ന് ഭയന്നാണ് ഈ ബയോടെററിസം ആവിഷ്ക്കരിച്ചിരിക്കുന്നത്.

*ബന്ധങ്ങൾക്ക് : സാജൻ സിന്ധു, 9446279596*